# ഇഞ്ചാനിയായ ബവാലന്റെ മണ്ണിൽ

**സുസ്മേഷ് ചന്ത്രോത്ത്**

കൊല്ലൂരിൽ കാഴ്ചകൾ പരിമിതമാണ്. വന്നുപോകുന്നവർ സൃഷ്ടിക്കുന്ന ആർഭാടങ്ങളാണ് അധികവും. ഷിമോഗ ജില്ലയിലേക്കു പോകുന്ന ബസ്സിനു കയറിയാൽ കുടജാദ്രിയിലേക്കുള്ള മലകയറ്റം ആരംഭിക്കുന്നിടത്ത് ഇറങ്ങാം. ജീപ്പിനു പോയാൽ ഒരാൾക്ക് നൂറ്റമ്പതു ഉറുപ്പികയാണ് വാങ്ങുന്നത്. കൊല്ലൂരിൽ റോഡിനിരുവശത്തും നിറയെ പീടികകളുണ്ട്. എല്ലാ വിൽപ്പനക്കാർക്കും നന്നായി മലയാളം അറിയാം. കർണാടകത്തിലെ ഒരു ടൗണാണ് കൊല്ലൂർ എന്നു തോന്നിക്കില്ല.

ബസ്സിൽ കയറി ഏഴ് ഉറുപ്പിക കൊടുത്ത് അര മണിക്കൂർ സഞ്ചരിച്ച് ഞങ്ങൾ കുടജാദ്രിയിലേക്കുള്ള യാത്രയുടെ തുടക്കത്തിലിറങ്ങി. ഇടതൂർന്ന വനത്തിന്റേയും മുളങ്കാടുകളുടേയും പുൽമൈതാനങ്ങളുടേയും വിരുന്ന് സ്വീകരിച്ച്, മലയണ്ണാന്റെ വികൃതികൾ കണ്ട്, അട്ടയുടെ ദാഹമറിഞ്ഞ് മലകയറ്റം. ഒറ്റപ്പെട്ട സഞ്ചാരികൾ മലകയറുന്നുണ്ടായിരുന്നു. ചിലർ മലയിറങ്ങുന്നു. ഞങ്ങൾ വാങ്ങി സഞ്ചിയിൽ വച്ച ഭക്ഷണം പുറത്തെടുത്തില്ല. കാട്ടിലെ നടപ്പിൽ വിശപ്പും ക്ഷീണവും കുറവ്. വനത്തിലെ ഒറ്റയടിപ്പാതയിലൂടെ നടക്കുമ്പോൾ ഞാൻ അനിതച്ചേച്ചിയെ ഓർത്തു. വർഷങ്ങൾക്കു പിറകിൽ, മറ്റൊരു വനയാത്രയിൽ, താൻ പ്രവേശിക്കാൻ പോകുന്ന വനത്തിൽ കാണപ്പെടാനിടയുള്ള പ്ലാസ്റ്റിക് വസ്തുക്കളെ മുൻകൂട്ടിയറിഞ്ഞ് ഒരു സഞ്ചിയുമായി യാത്രതുടങ്ങി, വനത്തിൽ കണ്ട പ്ലാസ്റ്റിക്കെല്ലാം പെറുക്കി മാറ്റി പുറത്തെത്തിച്ച അനിത, എനിക്ക് ഒരു വിസ്മയമാണ്.

**യാത്രാസഞ്ചി**
**ഭാഗം മൂന്ന്**

കുടജാദ്രിയിലേക്കു നടക്കുമ്പോൾ മിനറൽ വാട്ടർബോട്ടിൽ മുതൽ മിഠായിക്കടലാസു വരെ ഞാൻ വഴിയരികിൽ കണ്ടു. ഒന്നുപോലും പെറുക്കിയെടുത്തില്ല. എവിടെ ശേഖരിച്ച് എവിടെ കൊണ്ടുപോയി കളയാൻ? ആയിരം അനിതച്ചേച്ചിമാരുടെ ത്യാഗവും അർപ്പണവും കണ്ടാലും ഞാൻ- എന്നെപ്പോലെയുള്ളവർ നന്നാവാനിടയില്ല. നേരിയൊരു കുറ്റബോധം തോന്നി.

മദ്ധ്യാഹ്നം കഴിഞ്ഞ് ഞങ്ങൾ മുകളിലെത്തി. ശ്രീ ശങ്കരാചാര്യർ വന്നുകയറിയ മലയും വനവും. കണ്ട കാഴ്ചകളുടെ ചാരുത ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്നു. പച്ചക്കാടുകളുടെ വിദൂരദൃശ്യവും അവയുടെ വിശാലതയും മലനിരകളുടെ തുടർക്കാഴ്ചകളും എന്നെ - ഞങ്ങളെ പ്രപഞ്ചമെന്ന മഹാസത്യത്തിനു മുന്നിൽ - വളരെ ചെറുതാക്കി ബോധ്യപ്പെടുത്തി. മലകയറ്റത്തിനിടയിൽ യാദൃച്ഛികമായി, തിരിച്ചിറങ്ങിവരുന്ന എന്റെ സുഹൃത്തും കഥാകൃത്തുമായ ശ്രീ എൻ. പ്രദീപ്കുമാറിനേയും ചങ്ങാതിമാരേയും കണ്ടതും, ക്യാമറ കൈയിലില്ലാതിരുന്ന ഞങ്ങളുടെ യാത്രാദൃശ്യങ്ങളെടുത്ത് അവർ സഹായിച്ചതും അപൂർവ്വാനുഭവമായി. പ്രദീപ് കുമാർ നാലോ അഞ്ചോ തവണ ഇവിടെ വന്നിട്ടുണ്ടെന്നു പറഞ്ഞു. അവരോടൊപ്പം കുശലം പറഞ്ഞ് അല്പം വിശ്രമിച്ചു. വെയിൽ തലയ്ക്കു മീതെ. ക്ഷീണം കാൽമസിലുകളെ തൊട്ടുതുടങ്ങിയിരുന്നു. പതിനാലോളം കിലോമീറ്ററാണ് നടന്നുകയറേണ്ടത്. സർവ്വജ്ഞപീഠത്തിലേക്കും അഗസ്ത്യതീർത്ഥത്തിലേക്കും മറ്റും പിന്നെയും ദൂരം. പക്ഷെ ഉയരങ്ങൾ കീഴടക്കുന്നതിന്റെ ലഹരി എന്നെയും രാജഗോപാലിനേയും നന്നായി ബാധിച്ചിരുന്നു. ഞങ്ങൾ,



കാൽ വഴുതി താഴെ അഗാധതയിലേക്കു പോകാവുന്ന നൂൽപ്പാലവഴികൾ താണ്ടുമ്പോൾ വിസ്മയം കൊണ്ടും സംഭ്രമം കൊണ്ടും ഉറക്കെ കൂവി. അകലെ ആയിരം മലമടക്കുകൾ അവ സ്വീകരിച്ചു. മുകളിൽ ക്ഷേത്രത്തിനടുത്ത് സർക്കാർ റെസ്റ്റ്ഹൗസും വിശ്രമപീഠവും ഒന്നുരണ്ടു ചെറിയ ചായക്കടകളുമുണ്ട്. വരുന്ന സഞ്ചാരികളെ അവർ വീതിച്ചെടുക്കുന്നു. ഭക്ഷണവും താമസിക്കാനൊരിടവും കൊടുത്ത് ചെറിയ തുക പ്രതിഫലം പറ്റുന്നു. ഞങ്ങളും അതിലൊരു വീട്ടിൽ കൂടി. കന്നഡയ്ക്കൊപ്പം നന്നായി മലയാളവും പറയുന്ന അവിടത്തെ പ്രായം ചെന്ന സ്ത്രീ പുറത്തെ ഒരു കൂട്ടത്തെ ഉദ്ദേശിച്ച് പറഞ്ഞു: "ഇപ്പോ ഇവിടെ വരുന്നവർ വെറുതെ ഉല്ലാസത്തിനാണ്. അവരെക്കൊണ്ട് അമ്പലത്തിന് വലിയ ഗുണമൊന്നുമില്ല. ഞങ്ങൾക്കും." ബാംഗ്ലൂരിൽ നിന്ന് ട്രക്കിംഗിനെത്തിയ ഏഴുപേർ പുറത്ത് അവരുടെ സ്വകാര്യതയുണ്ടാക്കി ആഹ്ലാദിക്കുന്നുണ്ടായിരുന്നു. സുന്ദരിമാരെന്നു പറയാവുന്ന മൂന്നു യുവതികളും നാലു യുവാക്കളും. മലയാളിയുടെ ശീലമായ തുറിച്ചുനോട്ടവും നെഞ്ചിലൊരിത്തിരി അസൂയയും ആരോടോ ഉള്ള ദേഷ്യവുമായി ഞാനും അവരെ കണ്ടു. പ്രായത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും അനുഭവങ്ങൾ സ്വായത്തമാക്കാൻ കഴിയുന്നവർ വിരളമാണ് ഈ ലോകത്തിൽ. ഞങ്ങൾ സർവ്വജ്ഞപീഠം കാണാൻ പോയി. .(തുടരും)